(ഡി) മേൽപ്പറഞ്ഞ പ്രോജക്ടുകൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് കൈക്കൊള്ളുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഈ പ്രോജക്ടുകൾ വർഷങ്ങളായി ബഡ്ജറ്റിന്റെ ഭരണാനുമതിയുള്ളഭാഗത്ത് സ്ഥാനം പിടിച്ചുവയാണെങ്കിലും ടെണ്ടർ വിളിച്ച് പണി ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ കാലതാമസം ഒഴിവാക്കി ഈ വർഷം തന്നെ പണി ആരംഭിക്കാനുള്ള സാമ്പത്തികാനുവാദം നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) (1) ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ : എസ്റ്റിമേറ്റ് തുക. 1,24,20,000/- (കായംകുളം മുനിസിപ്പാലിറ്റി അനുമതി നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല.)

(2) വനിതാ പോളിടെക്നിക് : എസ്റ്റിമേറ്റ് തുക: 210 ലക്ഷം ബഡ്ജറ്റ് തുക: 50 ലക്ഷം ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(3) മുട്ടം-ബസാർ പാലം: എസ്റ്റിമേറ്റ് തുക: 150.00 ലക്ഷം ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തുകയും ബഡ്ജറ്റ് വിഹിതവും തമ്മിൽ വ്യത്യാസമുണ്ട്. വാർഷിക പദ്ധതിയിൻ കീഴിലുള്ള വിഹിത ലഭ്യതയ്ക്കനുസരിച്ചാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്.

(സി) മുട്ടം- കായംകുളം റോഡ് : എസ്റ്റിമേറ്റ് തുക: 19.90 തുക ലക്ഷം

രണ്ടാം കുറ്റിപ്പാലം : എസ്റ്റിമേറ്റ് തുക : 13.50 ലക്ഷം

മാംപ്രക്കുന്നേൽ പാലം : സാമ്പത്തികാനുവാദം നൽകിയിട്ടില്ല.

മിനി സിവിൽ സ്റ്റേഷൻ : എസ്റ്റിമേറ്റ് തുക : 98 ലക്ഷം ബഡ്ജറ്റ് തുക 16.43 ലക്ഷം

കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ : സാമ്പത്തികാനുമതി നൽകിയിട്ടില്ല.

(ഡി) ഭരണവകുപ്പിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തിന്റെ വിഭവലഭ്യതയനുസരിച്ച് സാമ്പത്തികാനുവാദം നൽകുന്നകാര്യം ഭരണവകുപ്പിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

സഹകരണമേഖലയ്ക്ക് സാമ്പത്തിക സഹായം

20 (286)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് പൊതു കമ്പോളത്തിൽ ഇടപെടാൻ സഹകരണമേഖലയ്ക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം 1040 നീതിസ്റ്റോറുകൾ 1-7-1997 മുതൽ പ്രവർത്തനമാരംഭിച്ചു. സംസ്ഥാന സർക്കാർ ഇതിനായി ആകെ 1570.35 ലക്ഷം രൂപ വിവിധയിനങ്ങളിലായി ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

	പബ്ലിക്കേഷൻ കൺസ്യൂമർ ഫെഡറേഷന്	പ്രാഥമിക സഹകരണസംഘങ്ങൾക്ക്
1997-98	1004.40 ലക്ഷം രൂപ.	300.00 ലക്ഷം രൂപ
1998-99	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
1999-2000	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
ആകെ	1052.40 ലക്ഷം രൂപ	348.00 ലക്ഷം രൂപ
ഓഹരി മൂലധനം		
1998-99	48.05 ലക്ഷം രൂപ.	24.00 ലക്ഷം രൂപ
1999-2000	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
ആകെ	72.05 ലക്ഷം രൂപ	48.00 ലക്ഷം രൂപ
സബ്സിഡി		
1998-99	13.90 ലക്ഷം രൂപ.	12.00 ലക്ഷം രൂപ
1999-2000	12.00 ലക്ഷം രൂപ	12.00 ലക്ഷം രൂപ
ആകെ	25.90 ലക്ഷം രൂപ	24.00 ലക്ഷം രൂപ

ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസ് മാറ്റിയ നടപടി

21 (287)ശ്രീ. ഇസ്ഹാക് മുഴിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഓഫീസുകളെല്ലാം ജില്ലാ ആസ്ഥാനത്തേയ്ക്ക് മാറ്റണമെന്ന് സർക്കുലറുകളോ ഗവൺമെന്റ് ഉത്തരവുകളോ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓഫീസുകൾ എല്ലാ ജില്ലകളിലും ജില്ലാ ആസ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടോ;

(സി) മേൽ പ്രസ്താവിച്ച ഉത്തരവുകൾ നിലവിലിരിക്കെ മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസ് മലപ്പുറത്തേയ്ക്ക് മാറ്റാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly